(എ) മുകളിൽ വിവരിച്ച നിയമത്തിന്റെ ഫലമായി ഭൂമി നഷ്ടപ്പെട്ട് ഇപ്പോഴും 50 സെന്റ് സ്ഥലമോ അതിൽതാഴെയോ മാത്രം ഭൂമി കൈവശം അവശേഷിക്കുന്നവരും 3000 രൂപയിൽക്കൂടുതൽ പ്രതിവർഷം വരുമാനമില്ലാത്ത വരുമായ മുൻ ജന്മി കുടുംബങ്ങളിലെ 60 വയസ്സിനുമേൽ പ്രായമുള്ള കുടുംബനാഥന് പ്രതിമാസം 75 രൂപ നിരക്കിൽ പെൻഷൻ നൽകുന്നതാണ്.

(ബി) അത്തരം കുടുംബങ്ങളിൽപ്പെട്ട സ്വയംതൊഴിൽ ചെയ്യുവാൻ താത്പര്യമുള്ള അഭ്യസ്തവിദ്യർക്ക് 50,000 രൂപ മുതൽമുടക്കുള്ള ഒരു വ്യവസായത്തിന് നിയമാനുസരണം നൽകാവുന്ന വായ്പത്തുകയിൽ കേരള ഫൈനാൻഷ്യൽ കോർപ്പറേഷൻ നാലു ശതമാനം സൗജന്യം പലിശ നിരക്കിൽ നൽകുന്നതാണ്. ഇതിലേക്ക് കെ. എഫ്. സി.ക്കു വരുന്ന നഷ്ടം ഗവൺമെന്റ് നികത്തിക്കൊടുക്കുന്നതായിരിക്കും.

(സി) കാർഷിക പരിഷ്ക്കരണ നിയമത്തിലെ നിബന്ധനകൾക്കു വിധേയമായി മിച്ചഭൂമി വിതരണം ചെയ്യുന്ന സന്ദർഭത്തിൽ അതു ലഭിക്കുവാൻ അർഹതയുള്ളവരുടെ പട്ടികയിൽ നിർദ്ധനരായ മുൻ ജന്മികളേയും ഉൾപ്പെടുത്തി അർഹരായവർക്ക് പ്രസ്തുത ഭൂമി നൽകുന്നതാണ്. മുകളിൽ പ്രഖ്യാപിച്ച ഏതെങ്കിലും ഒരു ആനുകൂല്യമേ ഒരു കുടുംബത്തിനു ലഭിക്കുവാൻ അർഹതയുണ്ടായിരിക്കൂ. ഈ പദ്ധതിക്ക് 50 ലക്ഷം രൂപ നീക്കി വയ്ക്കുന്നു.

തൊഴിൽരഹിത യുവാക്കൾക്ക് വ്യവസായ പദ്ധതി :

49. ബിരുദധാരികളും, സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവരുമായ തൊഴിൽരഹിത യുവജനങ്ങൾക്ക് നിലവിലുള്ള സ്വയംതൊഴിൽ കണ്ടെത്തൽ പരിപാടികൾക്കു പുറമേ കൂടുതൽ മുതൽമുടക്കോടുകൂടിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുതകുന്ന വിപുലമായ ഒരു പുതിയ പദ്ധതി ആവിഷ്ക്കരിക്കേണ്ടത് ആവശ്യമാണെന്ന് ഗവൺമെന്റ് കരുതുന്നു. അതിനാൽ ഈ വിഭാഗത്തിൽപ്പെട്ട ശേഷിയും സന്നദ്ധതയുമുള്ള ഓരോ തൊഴിൽരഹിത യുവാവിനും വേണ്ടി ഒരുലക്ഷം രൂപയുടെ മൂലധനം വീതം സ്വരൂപിക്കാനുതകുന്ന ഒരു വ്യവസായ പദ്ധതി അടുത്തവർഷം നടപ്പിലാക്കുന്നതാണ്. തൊഴിലില്ലായ്മ വേതനം ലഭിക്കുന്ന നിർദ്ദിഷ്ട യോഗ്യതയുള്ള യുവജനങ്ങളിൽനിന്ന് അഭിരുചി പരീക്ഷയും ഇൻറർവ്യൂവും നടത്തി ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന വ്യവസായ സംരംഭകരെ ആയിരിക്കും ഈ പദ്ധതിക്കു കീഴിൽ കൊണ്ടുവരുന്നത്. ഈ പദ്ധതിയിൽ ചേരുന്ന യുവാക്കൾ തൊഴിലില്ലായ്മ വേതനത്തിന് അവർക്കുള്ള അവകാശം ഉപേക്ഷിക്കുന്നതായാൽ 5000 രൂപ ഗവൺമെന്റ് പലിശയില്ലാ ദീർഘകാല വായ്പയായി അവർക്ക് അനുവദിക്കുന്നതും ആ തുക നിർദ്ദിഷ്ട വ്യവസായ പദ്ധതിയിൽ അവർക്കു വേണ്ടി ഗവൺമെന്റ് മുടക്കുന്നതുമായിരിക്കും. അതോടൊപ്പം ഗുണഭോക്തൃവിഹിതം തന്റെ പ്രത്യേക വിഹിതമായി 5000 രൂപകൂടി ഇതിലേക്കു മുടക്കേണ്ടതാണ്. ഇപ്രകാരം ഗവൺമെന്റും ഗുണഭോക്തൃവും കൂടി മുടക്കുന്ന 10,000 രൂപയുടെ മാർജിൻ മണി അടിസ്ഥാനമാക്കി തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ 10 ശതമാനവും, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ 15 ശതമാനവും ഇടുക്കി, വയനാട് ജില്ലകളിൽ 25 ശതമാനവും നിരക്കിൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി അനുവദിക്കപ്പെടും. ഒരുലക്ഷം രൂപയുടെ വ്യവസായത്തിന് ഏറ്റവും കുറഞ്ഞ സബ്സിഡിയായ 10,000 രൂപ കൂട്ടിച്ചേർക്കുമ്പോൾ സംരംഭകന്റെ മൂലധനം ഏറ്റവും കുറഞ്ഞത് 20,000 രൂപയായി ഉയരുന്നു. ഇതിനുംപുറമേ ഇത്തരം വ്യവസായങ്ങൾക്ക് കേരള ഫൈനാൻഷ്യൽ കോർപ്പറേഷനിൽനിന്ന് 10,000 രൂപ ഒരു പ്രത്യേക മൂലധന

LIBRARY ARCHIVES Kerala Legislative Assembly

വായ്പയായി അനുവദിക്കുന്നതാണ്. ഇപ്രകാരം 30,000 രൂപയുടെ മൂലധന ശേഷി ഉണ്ടാകുന്ന പ്രസ്തുത വ്യവസായ സംരംഭത്തിന് 70,000 രൂപ വരെ ലോൺ ആയി കെ. എഫ്. സി. അനുവദിക്കും. ഒരുലക്ഷം രൂപ നിരക്കിൽ മൂലധന നിക്ഷേപം സ്വരൂപിക്കുന്ന ഈ പദ്ധതിയിലൂടെ തൊഴിൽരഹിതരായ യുവജനങ്ങൾക്കുവേണ്ടി അടുത്തവർഷം 2000 വ്യവസായ സംരംഭങ്ങൾ ഏർപ്പെടുത്തുന്നതാണ്. തൊഴിലില്ലായ്മവേതനം ലഭിക്കാത്തവരും നിർദ്ദിഷ്ട യോഗ്യതകളുള്ളവരുമായ യുവാക്കൾക്കും ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. പക്ഷേ, അവർ 10,000 രൂപ മാർജിൻ മണിയായി മുടക്കേണ്ടിവരും. അവരെ സംബന്ധിച്ചും മേൽപ്പറഞ്ഞ വ്യവസ്ഥകളിൽ മാറ്റം ഉണ്ടായിരിക്കുന്നതല്ല. വ്യവസായം സ്ഥാപിച്ചു നടത്തുന്നതിന് ആവശ്യമായ ഉത്തേജനവും പരിശീലനവും പരിരക്ഷയും നൽകുന്ന ബൃഹത്തായ ഈ പരിപാടി കെ. എഫ്. സി. മുഖേന നടപ്പാക്കുന്നതാണ്. ഇതിലേക്ക് ഒരുകോടി രൂപ മാറ്റിവയ്ക്കുന്നു.

നെൽക്കൃഷി വികസന അതോറിറ്റി :

50. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭക്ഷ്യവിളയാണ് നെല്ല്. സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയിൽ നെൽക്കൃഷിക്ക് നിർണ്ണായക പ്രാധാന്യമുണ്ട്. എന്നാൽ പ്രതിവർഷം 30 ലക്ഷം ടൺ അരി കേരളത്തിന് ആവശ്യമുണ്ടെങ്കിലും 12 ലക്ഷം ടൺ മാത്രമാണ് ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്നത്. ബാക്കി മുഴുവൻ അന്യ സംസ്ഥാനങ്ങളിൽനിന്ന് നാം ഇറക്കുമതി ചെയ്യുകയാണ്. ഇതിലേക്ക് പ്രതിവർഷം 700 കോടിയോളം രൂപ നാം ചെലവുചെയ്യുന്നു. കേരളീയർ നൂറ്റാണ്ടുകളായി നെൽക്കൃഷിയിൽ ഏർപ്പെട്ടിരുന്നവരാണെങ്കിലും കാലം കഴിയുംതോറും നെൽക്കൃഷിക്കു വിനിയോഗിക്കുന്ന ഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരികയാണ്. 1974-75-ൽ 8.81 ലക്ഷം ഹെക്ടറിൽ നെല്ല് കൃഷിചെയ്തിരുന്നു. പക്ഷേ, 1985-86 ആയപ്പോഴേക്കും അത് 7.07 ലക്ഷം ഹെക്ടറായി കുറഞ്ഞു. 1972-73-ൽ 13.76 ലക്ഷം ടൺ അരി ഉത്പാദിപ്പിച്ചിരുന്ന കേരളത്തിൽ 1985-86 ആയപ്പോഴും അരിയുൽപ്പാദനം 12.33 ലക്ഷം ടൺ ആയും കുറഞ്ഞിട്ടുണ്ട്. മെച്ചപ്പെട്ട വിത്തിനങ്ങളും ഉപയോഗിക്കുകയും, ശാസ്ത്രീയ കൃഷിസമ്പ്രദായങ്ങളും അവലംബിക്കുകയും ചെയ്തതുമൂലം നെല്ലുൽപ്പാദനത്തിന്റെ നിരക്കിൽ വർദ്ധനയുണ്ടായിരുന്നില്ലെങ്കിൽ സ്ഥിതി ഇതിനേക്കാളും മോശമാകുമായിരുന്നു. അരിയുടെ ശരാശരി ഉത്പാദന ചെലവ് ടണ്ണിന് 3,260 രൂപയായിരിക്കേ വിപണിയിൽ അതിനു ലഭിക്കുന്ന വില 3,850 രൂപ മാത്രമാണ്. അതിനാൽ നെല്ല് കൃഷി ചെയ്തിരുന്ന സ്ഥലങ്ങളും കൂടുതൽ ആദായകരമായ മറ്റു വിളവുകൾക്കായി വിനിയോഗിക്കുന്ന പ്രവണത വ്യാപിച്ചുവരുന്നു. എന്നാൽ ഈ രംഗത്ത് കഴിഞ്ഞ കാലത്തു സംഭവിച്ച ഈ മാറ്റത്തിന്റെ കാരണങ്ങളും ആഴത്തിൽ അപഗ്രഥിക്കാനും അവയ്ക്കു പ്രായോഗിക പരിഹാരങ്ങളും നിർദ്ദേശിക്കാനും നമുക്കു കഴിഞ്ഞിട്ടില്ല. ശാസ്ത്രീയാടിസ്ഥാനത്തിൽ സമഗ്രമായി നെൽക്കൃഷി വികസിപ്പിക്കാനും നെല്ല് കൃഷിചെയ്യുന്ന വിവിധ പ്രാദേശിക മേഖലകളെ സമുദ്ധരിക്കാനും, കേരളത്തിന്റെ ഈ ഭക്ഷ്യവിള കൂടുതൽ വ്യാപകമായി കൃഷി ചെയ്യുന്നതിനു പ്രേരകമായ നടപടികളും സ്വീകരിക്കാനും ഇനി വൈകിക്കൂടാ. അതിനാൽ ഈ വിഷയത്തെക്കുറിച്ച് സമഗ്രപഠനം നടത്താനും ആ പഠനത്തിന്റെ ഫലമായുണ്ടാകുന്ന നിഗമനങ്ങളും ഫലപ്രദമായി കൈകാര്യം ചെയ്യുവാനുമുള്ള ഒരു വിദഗ്ദ്ധ സമിതി ഈ രംഗത്ത് നിലവിൽ വരേണ്ടിയിരിക്കുന്നു. വരുന്ന കാൽ ശതാബ്ദക്കാലമെങ്കിലും മുന്നിൽക്കണ്ടുകൊണ്ട് നമ്മുടെ കാർഷികമേഖലയിലെ മറ്റൊരു വിഭാഗത്തിന്റെയും പ്രാധാന്യം കുറച്ചു കാണാതെ, നെൽക്കൃഷിയുടെ സാമ്പത്തിക ഭദ്രതയും ഭാവിയും ഉറപ്പുവരുത്തുവാനുള്ള നടപടികൾക്ക് നിർദ്ദിഷ്ട സംഘടന രൂപം നൽകണം.

LIBRARY ARCHIVES Kerala Legislative Assembly